ഭരണഭാഷ – മാതൃഭാഷ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: pd.lsgd@kerala.gov.in

നമ്പർ: LSGD/PD/24112/2024-GEA3 തീയതി: 21-10-2024

## നോട്ടീസ്

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -ജീവനക്കാര്യം- മുൻ പഞ്ചായത്ത് വകുപ്പിലെ ക്ലർക്ക് ശ്രീ. ചന്ദ്രബാബു. വി - യെ ക്ലർക്ക് തസ്തികയുടെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്

സൂചന:
1. പഞ്ചായത്ത് ഡയറക്ടറുടെ 17.01.2020 ലെ PAN/20015/2018/E6(DP) നമ്പർ ഉത്തരവ്.
2. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 25/10/2018 തീയതിയിലെ നം.ഇ2-4486/14 ഉത്തരവ്
3. തദ്ദേശ സ്വയം ഭരണ വകുപ്പ് കൊല്ലം ജില്ലാ ജോയിൻറ് ഡയറക്ടറുടെ 14.06.2024 -ലെ LSGD/JD/KLM/4404/ 2024-A3 നമ്പർ കത്ത്
4. തദ്ദേശ സ്വയം ഭരണ വകുപ്പ് കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 12.09.2024 തീയതിയിലെ LSGD/JD/KLM/4404/2024-A3 നമ്പർ ഉത്തരവ്.
5. തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടറുടെ 07.09.2024 തീയതിയിലെ LSGD/PD/10248/2024-GEA3 നമ്പർ ഉത്തരവ്

കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്തിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ചന്ദ്രബാബു.വി പഞ്ചായത്ത് വകുപ്പിൽ ബൈട്രാൻസ്ഫർ നിയമനം മുഖേന ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും ക്ലർക്ക് തസ്തികയിലേയ്ക്ക് 25.10.2018-ൽ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരനാണ്. എന്നാൽ പഞ്ചായത്ത് വകുപ്പിൽ 01.01.2014 മുതൽ 31.12.2018 വരെ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിച്ചവരുടെ സൂചന (1) പ്രകാരമുള്ള സംസ്ഥാന തല സീനിയോരിറ്റി പട്ടികയിൽ ശ്രീ.ചന്ദ്രബാബു.വിയുടെ പേര് ഉൾപ്പെട്ടിട്ടില്ല. ടി സീനിയോരിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി സൂചന (3) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. ചന്ദ്രബാബു.വി യെ ക്ലർക്കുമാരുടെ ജില്ലാതല സീനിയോരിറ്റി പട്ടികയിൽ ക്രമ നം. 196 B ആയി സൂചന (4) പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്. ശ്രീ.ചന്ദ്രബാബുവിന് ക്ലർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച സൂചന (2) ഉത്തരവിൽ ഉൾപ്പെട്ട ശ്രീ.സരോജാക്ഷൻ പിള്ളയെ ക്ലർക്കുമാരുടെ സംസ്ഥാന തല സീനിയോറിറ്റി പട്ടികയിൽ ക്രമ നം. 2683 A ആയി ഉൾപ്പെടുത്തി സൂചന (5) പ്രകാരം ക്രമീകരിച്ചിരുന്നു. ജില്ലാതല സീനിയോരിറ്റി പട്ടികയിലെ സ്ഥാനക്രമത്തിന് അനുസൃതമായി ശ്രീ.ചന്ദ്രബാബു.വി-യെ ടിയാളുടെ ക്ലർക്ക് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റ ഉത്തരവ് തീയതി (25.10.2018) അടിസ്ഥാനമാക്കി സൂചന (1) പ്രകാരമുള്ള ക്ലർക്കുമാരുടെ സംസ്ഥാന തല സീനിയോരിറ്റി പട്ടികയിൽ ക്രമ നം.2683 B ആയി ഉൾപ്പെടുത്തുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത തീരുമാനത്തിൽ ആക്ഷേപം ഉള്ള ജീവനക്കാർ ഈ നോട്ടീസ് തീയതി മുതൽ 15 ദിവസത്തിനകം തങ്ങളുടെ ആക്ഷേപം ആവശ്യമായ അനുബന്ധ രേഖകൾ സഹിതം രേഖാമൂലം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

Suresh Kumar S
SENIOR ADMINISTRATIVE OFFICER
പ്രിൻസിപ്പൽ ഡയറക്ടർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ ജില്ലാ ജോയിൻറ് ഡയറക്ടർമാർക്കും
2. ശ്രീ.ചന്ദ്രബാബു.വി (കൊല്ലം ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)
3. IE സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
4. സിസ്റ്റം മാനേജർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ/അധികം

Signed by
Suresh Kumar S
Date: 21-10-2024 11:12:54